## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5649 05/07/2013-ൽ മറുപടിക്ക്

### സ്കൂൾ പ്രവേശന രജിസ്റ്ററിൽ തിരുത്തുകൾ വരുത്തുന്നതിന്റെ നടപടി ക്രമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. എം.പി. വിൻസെന്റ്<br>ശ്രീ. ലൂഡി ലൂയിസ് | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സ്കൂൾ പ്രവേശന രജിസ്റ്റർ തിരുത്താൻ ഹെഡ്മാസ്റ്റർക്ക് അധികാരം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. 1 മുതൽ 10 വരെയുള്ള ക്ലാസുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികളുടെ ജനന ത്തീയതി, മതം, പേര് തുടങ്ങിയവ, സ്കൂൾ പ്രവേശന രജിസ്റ്ററിൽ തിരുത്തുന്നതിനുള്ള അധികാരം അതാത് സ്കൂൾ പ്രധാന അദ്ധ്യാപകർക്ക് നൽകി ഉത്തരവായിട്ടുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലെ ജോലിഭാരം കുറയ്ക്കുന്നതിനും എസ്.എസ്. എൽ.സി കഴിയുന്ന കുട്ടികളുടെ സർട്ടിഫി ക്കറ്റിൽ പിന്നീട് തിരുത്തലുകൾ ഉണ്ടാകാ തിരിക്കാനുള്ള മുൻകരുതൽ എന്ന നില യിലും, പൊതുജനങ്ങളുടെ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനും വേണ്ടിയാണ് ഇപ്ര കാരം ചെയ്തിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം വിവരങ്ങൾ തിരുത്താനാണ് അധികാരം നൽകിയിട്ടുള്ളത്; വിശദമാക്കുമോ; | (സി) | ജനനത്തീയതി, മതം, പേര് എന്നിവ തിരുത്തുന്നതിനാണ് അധികാരം നൽകിയിട്ടുള്ളത്. |
| (ഡി) | രജിസ്റ്റർ തിരുത്തുന്നതിന് എന്തെല്ലാം രേഖകളാണ് ഹാജരാക്കേണ്ടത്; വിശാംശങ്ങൾ എന്തെല്ലാം; | (ഡി) | മാതാപിതാക്കൾ ഒരുമിച്ച് നൽകുന്ന അപേക്ഷയുടേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന ജനന സർട്ടിഫിക്കറ്റിന്റേയും വില്ലേജ് ആഫീസർ നൽകുന്ന വൺ ആന്റ് സെയിം സർട്ടിഫിക്കറ്റിന്റേയും അടിസ്ഥാനത്തിലാണ് സ്കൂൾ അഡ്മിഷൻ രജിസ്റ്ററിൽ തിരുത്തലുകൾ വരുത്തുന്നത്. |
| (ഇ) | ഇതു സംബന്ധിച്ച വ്യവസ്ഥകൾ കെ.ഇ.ആർ.- ൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ ? | (ഇ) | ഇല്ല. ജി.ഒ(പി)38/2012/പൊ.വി.വ തീയതി 07.02.2012 എന്ന സർക്കാർ ഉത്തരവ് പ്രകാരമാണ് സ്കൂൾ പ്രധാനാദ്ധ്യാപകർക്ക് അധികാരം നൽകിയിട്ടുള്ളത്. |

Sreedevi

സെക്ഷൻ ഓഫീസർ